പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 179 25.03.2013-ൽ മറുപടിയ്ക്ക്

## സ്ഥിരം കായികപരിശീലന കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വിവിധ കായിക ഇനങ്ങളിൽ നൈപുണ്യം പ്രകടിപ്പിക്കുന്ന ഭാവി കായികതാരങ്ങൾക്കായി സ്ഥിരം പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) ഭാവിയുടെ വാഗ്ദാനങ്ങളായി, വിവിധ കായിക ഇനങ്ങളിൽ നൈപുണ്യം പ്രകടിപ്പിക്കുന്ന കായിക താരങ്ങൾക്ക് മികച്ച പരിശീലന സൗകര്യം പ്രദാനം ചെയ്യുന്നതിനായി സ്ഥിരം പരിശീലന കേന്ദ്രങ്ങളായി സെന്റേഴ്സ് ഓഫ് എക്സലൻസുകളും ദേശീയതലത്തിൽ നേട്ടങ്ങൾ കൈവരിച്ച കായികതാരങ്ങളെ അന്തർദേശീയ മത്സരങ്ങളിൽ മെഡൽ നേടാൻ പ്രാപ്തരാക്കുന്നതിന് അന്തർദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും, ഉപകരണങ്ങളും, വിദേശ കോച്ചുകളുടെ സേവനമുൾപ്പെടെയുള്ള ആധുനിക പരിശീലനവും ഉറപ്പാക്കുന്ന എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്ററും ആരംഭിക്കുന്നതാണ്.<br><br>ഇതിന്റെ ആദ്യപടിയായി തിരുവനന്തപുരം എൽ.എൻ.സി.പി.ഇ-യിൽ അത്‌ലറ്റിക്സ് ഇനങ്ങളിൽ അത്യാധുനിക പരിശീലനത്തിനുള്ള പ്രഥമ എലൈററ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. |
| (ബി) നിലവിലുള്ള പരിശീലന കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവശ്യസൗകര്യങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ബി) കേരള സ്റ്റേററ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള പരിശീലനകേന്ദ്രങ്ങൾ (സ്പോർട്സ് ഹോസ്റ്റലുകൾ) മെച്ചപ്പെട്ട രീതിയിലാണ് പ്രവർത്തിച്ച് വരുന്നത്.<br><br>എങ്കിലും സ്പോർട്സ് ഹോസ്റ്റലുകൾ, സ്പോർട്സ് ഡിവിഷനുകൾ എന്നിവയുടെ പരിതസ്ഥിതി അവിടെ പരിശീലനം നേടുന്ന കുട്ടികൾക്ക് അനുരൂപവും സൗകര്യ പ്രദമാക്കുന്നതരത്തിൽ കൂടുതൽ മികച്ച താമസത്തിനും, ഭക്ഷണത്തിനും, ആധുനിക പരിശീലനത്തിനും വേണ്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതാണെന്ന് 'കായിക നയം-2012' വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം കായിക ഇനങ്ങൾക്ക് എത്ര വീതം പുതിയ പരിശീലന കേന്ദ്രങ്ങളാണ് പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) | ഇതു സംബന്ധിച്ച് തീരുമാനമായിട്ടില്ല. |
| (ഡി) | അന്താരാഷ്ട്ര തലത്തിൽ വിജയികളെ സമ്മാനിക്കാൻ കഴിയുന്ന എത്ര പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ ? | (ഡി) | ഇതുവരെ അന്തർദേശീയ തലത്തിൽ തിളക്കമാർന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള കേരള കായിക താരങ്ങളിൽ ഏറിയപങ്കും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന വിവിധ സ്പോർട്സ് ഹോസ്റ്റലുകളിലും, പരിശീലന കേന്ദ്രങ്ങളിലും പരിശീലനം നേടിയിട്ടുള്ളവരാണ്. എന്നാൽ അന്തർദേശീയ തലത്തിൽ കൂടുതൽ മികവ് കൈവരിക്കുക എന്ന ലക്ഷ്യവുമായി ഇതിന് യോഗ്യതയുള്ള കായിക പ്രതിഭകളെ തെരഞ്ഞെടുത്ത് അവർക്ക് പ്രത്യേകമായി ലോകോത്തര നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങളും, ജീവിതസൗകര്യങ്ങളും നൽകി ഒളിമ്പിക്സ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ് തുടങ്ങിയ മത്സരങ്ങളിൽ വിജയികളാകുവാൻ പ്രാപ്തരാക്കുന്നതിനു വേണ്ടിയാണ് എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റർ (EATC) ആരംഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ